## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.190 — 18.03.2013 ന് മറുപടിയ്ക്ക്.

### വനമേഖലയിലെ വിനോദസഞ്ചാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം. | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ടൂറിസ്റ്റുകളെ വിനോദ സഞ്ചാരത്തിന്റെ ഭാഗമായി വനത്തിലേക്ക് ആകർഷിക്കുന്നതിന് വനം വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) വനം വികസന കോർപ്പറേഷൻ നടപ്പാക്കുന്നത് പരിസ്ഥിതി സൗഹൃദ ടൂറിസമാണ്. വനത്തിനുള്ളിൽ ട്രെക്കിംഗ് നടത്തുന്നതിനും, ക്യാംപ് ചെയ്യുന്നതിനും, അതുവഴി പ്രകൃതി പഠനത്തിനുമുള്ള പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. |
| (ബി) പരിസ്ഥിതിക്കും പ്രകൃതിക്കും ഇണങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പരിസ്ഥിതിക്കും പ്രകൃതിക്കും ഇണങ്ങുന്ന പ്രവർത്തനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തുന്നത്. ടെന്റുകൾ, തടി കൊണ്ടുള്ള കോട്ടേജുകൾ, മൺഭിത്തിയോടുകൂടിയ കോട്ടേജുകൾ എന്നിവ മാത്രമേ പദ്ധതികളിൽ ഉൾപ്പെടുത്തുന്നുള്ളൂ. |
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം പ്രധാനമായും ലഭിക്കുന്നത് വനം വകുപ്പിൽ നിന്നും, വിനോദസഞ്ചാര വകുപ്പിൽ നിന്നും ആണ്. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ എന്നിവ പദ്ധതിയുടെ മാർക്കറ്റിംഗിൽ സഹകരിക്കുന്നുണ്ട്. |

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(ഡി) തിരുവനന്തപുരം ജില്ലയിലെ അരിപ്പ, പത്തനംതിട്ട ജില്ലയിലെ ഗവി , ഇടുക്കി ജില്ലയിലെ മൂന്നാർ, വയനാട് ജില്ലയിലെ കമ്പമല എന്നീ സ്ഥലങ്ങളിൽ നിലവിൽ വിവിധ ഇക്കോടൂറിസം പദ്ധതികൾ നടത്തി വരുന്നു. ഇതോടൊപ്പം തന്നെ തിരുവനന്തപുരത്ത് കോട്ടൂരിൽ ആന പുനരധിവാസ·വുമായി ബന്ധപ്പെട്ട് സന്ദർശകർക്കുള്ള സൗകര്യം, വാഗമണ്ണിൽ ഒരു ഓർക്കിഡ് ഉദ്യാനം, ആലപ്പുഴ പുറക്കാട്ട് ഒരു ഗാന്ധിസ്മൃതി വനം, മൂന്നാർ മിശപ്പുലിമലയിൽ ഒരു ഹൈ ആൾട്ടിട്യൂഡ് ക്യാമ്പിംഗ് കേന്ദ്രം, നെല്ലിയാമ്പതിയിൽ ക്യാമ്പിംഗും വനയാത്രയും, വയനാട് കുറുവയിൽ ആദിവാസി കുടിൽ കോട്ടേജുകൾ, കമ്പമലയിൽ തടി കൊണ്ടുള്ള കോട്ടേജുകൾ എന്നിവ ഒരുക്കി ഒരു ബൃഹത്തായ വനാധിഷ്ഠിത ടൂറിസം പ്രവർത്തനം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.